പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1442 16-10-2026-ൽ മറുപടിയ്ക്ക്

<u>പൊലിമ പുതുക്കാട് പദ്ധതി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ നാൽപ്പതിനായിരത്തോളം വനിതകളെ പച്ചക്കറി കൃഷിയിലും പൂക്കൃഷിയിലും പങ്കാളികളാക്കിക്കൊണ്ട് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന സഹകരണം, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള "പൊലിമ പുതുക്കാട് "പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പുതുക്കാട് നിയോജക മണ്ഡലത്തിൽ കൊടകര, ഇരിങ്ങാലക്കുട, ചേർപ്പ് ബ്ലോക്കുകൾക്ക് കീഴിൽ വരുന്ന അളഗപ്പനഗർ, കൊടകര, മറ്റത്തൂർ, നെന്മണിക്കര, പുതുക്കാട്, തൃക്കൂർ, വരന്തരപ്പിള്ളി, പറപ്പൂക്കര, വല്ലച്ചിറ എന്നീ പഞ്ചായത്തുകളിൽ പൊലിമ പുതുക്കാട് എന്ന നൂതന പദ്ധതി 2022-2023 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയും ആയതിന്റെ 8 ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കി ഒൻപതാം ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിരിക്കുകയാണ്. ഭക്ഷ്യോത്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുകയും ആയത് വഴി വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലെ 110 ഹെക്ടർ സ്ഥലത്തു വെണ്ട, തക്കാളി, കോളിഫ്ളവർ, മുളക്, വഴുതന, കാബേജ് തുടങ്ങി നമ്മുടെ അടുക്കളയിലേക്ക് ആവശ്യമായ 20 ടണ്ണോളം പച്ചക്കറികൾ ഉത്പാദനം നടത്തി വരികയാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പച്ചക്കറി കൃഷി വ്യാപനം ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ വഴി ഉല്പാദന ശേഷി കൂടിയ തൈകൾ വിതരണം ചെയ്യുന്ന തുടർ പദ്ധതി ആയി നടപ്പാക്കുന്ന പൊലിമ ഒരു വർഷം കുറഞ്ഞത് രണ്ടു സീസൺ എങ്കിലും കൃഷി ചെയ്യുന്നു. നിയോജകമണ്ഡലത്തിലെ 2412 അയൽക്കൂട്ടങ്ങളിലെ അംഗങ്ങളായ 40000 കുടുംബശ്രീ അംഗങ്ങളെ കാർഷിക മേഖലയിലേക്ക് കൊണ്ട് വന്ന പ്രസ്തുത പദ്ധതിയിലൂടെ വിഷ രഹിതമായ പച്ചക്കറി ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | നടത്തിയ പ്രവർത്തനങ്ങൾ | ചിലവഴിച്ച തുക ( ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
|---|---|---|

| | | |
|---|---|---|
| 2022-23 | പച്ചക്കറി തൈ വിതരണം | 800000/- രൂപ (dept fund)<br>175000/- രൂപ (block) (7 ha) |
| 2023-24 | പച്ചക്കറി തൈ വിതരണം | 250000/- രൂപ (10 ha) |
| 2024-25 | പച്ചക്കറി തൈ വിതരണം,<br>ജൈവവള വിതരണം | 300000/- രൂപ (12 ha) |
| 2025-26 | പച്ചക്കറി തൈ വിതരണം | 300000/- രൂപ (12 ha) |
| 2026-27 | പച്ചക്കറി കൃഷി & പുഷ്പകൃഷി | 433334/- രൂപ (18.25 ha) |

**(ബി)** പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പിന്റെ പ്രത്യേക ധനസഹായങ്ങളും വിത്ത്, തൈകൾ, വളം എന്നിവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

**മറുപടി:** തൃശ്ശൂർ ജില്ലയ്ക്ക് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 100/- രൂപ വിലവരുന്ന വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 5000 സങ്കരയിനം വിത്ത് പായ്ക്കറ്റുകളും, 8 ലക്ഷം സങ്കരയിനം പച്ചക്കറിതൈകളും, 10/- രൂപ വിലവരുന്ന ഒരു ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നീ ദീർഘകാല പച്ചക്കറി ഇനങ്ങളുടെ 2000 തൈകളും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൗതീകലക്ഷ്യത്തിൽ നിന്നും പൊലിമ പുതുക്കാട് പദ്ധതിയുടെ ആവശ്യകത അനുസരിച്ച് വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കുന്നതാണ്.

**(സി)** കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി സംസ്ഥാനത്തെ മുഴുവൻ നിയോജക മണ്ഡലങ്ങളിലും "പൊലിമ പുതുക്കാട് " മാതൃകയിൽ കാർഷിക മുന്നേറ്റത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

**മറുപടി:** പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിനും, സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കിരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി സങ്കരയിനം ഉൾപ്പെടെയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, പച്ചക്കറി തൈകളും, ദീർഘകാല പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നു. ഇത് കൂടാതെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി കൃഷി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, സ്റ്റാഗേർഡ് ക്ലസ്റ്റർ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജക മണ്ഡലത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചു നടപ്പിലാക്കിയിട്ടുള്ളതാണ് പൊലിമ പുതുക്കാട് എന്ന പദ്ധതി. മറ്റ് മണ്ഡലാടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ സമാന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**